**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3209** **11-03-2025 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ സ്കൂൾ മേഖലയുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സവിശേഷ വിദ്യാഭ്യാസവും പരിശീലനവും നൽകുന്ന സ്പെഷ്യൽ സ്കൂളുകളുടെ ഉന്നമനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | **ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന എൻ.ജി.ഒ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, ഡിഡിആർഎസ് ഗ്രാൻറിന് അപേക്ഷിക്കുന്ന സ്കൂളുകൾ എന്നിവയ്ക്ക് 12 വർഷത്തോളമായി പൊതുവിദ്യാഭ്യാസ വകുപ്പ് സാമ്പത്തിക സഹായം ലഭ്യമാക്കി വരുന്നുണ്ട്. 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി ഓണറേറിയം, കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ വാങ്ങുന്നതിന്, മെഡിക്കൽ അലവൻസ്, യാത്രബത്ത എന്നീ ചെലവുകൾ, കണ്ടിജൻസി, അധ്യാപകർക്കുള്ള പരിശീലനം മുതലായ ഇനങ്ങൾക്കാണ് സ്കൂളുകൾക്ക് തുക അനുവദിക്കുന്നത്.** |
| (ബി) | സ്പെഷ്യൽ സ്കൂളുകൾക്ക് 2023- 24 സാമ്പത്തിക വർഷത്തെ പാക്കേജ് വിതരണം ചെയ്യുന്നതിനായുള്ള ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | **പാക്കേജ് വിതരണവുമായി ബന്ധപ്പെട്ട 10/05/2023 തീയതിലെ സ.ഉ.(കൈ)നം 56/2023/പൊ.വി.വ. ഉത്തരവിൽ ഭേദഗതി വരുത്തി 03.10.2024 തീയതിയിലെ സ.ഉ.(കൈ) നം.126/2024/ പൊ.വി.വ., 13.12.2024 തീയതിയിലെ സ.ഉ.(കൈ) നം.150/2024/പൊ.വി.വ. എന്നിവ പ്രകാരം ഉത്തരവുകൾ പുറപെടുവിച്ചിട്ടുണ്ട്.** |
| (സി) | പ്രസ്തുത ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് 09.10.2023-ന് വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് തീരുമാനിച്ച പ്രകാരം കോൺക്ലേവ് നടത്തുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | **വിവരം ശേഖരിച്ചു വരുന്നു.** |
| (ഡി) | 2024- 25 വർഷത്തെ പാക്കേജിനുള്ള അപേക്ഷകൾ ക്ഷണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | സ.ഉ.(സാധാ) നം 9115/2024/പൊവിവ തീയതി 27/12/2024 പ്രകാരം 2024-25 വർഷത്തെ സ്പെഷ്യൽ സ്കൂൾ പാക്കേജിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. 01/01/2025-ന് 2024-25 വർഷത്തെ പാക്കേജിനുള്ള അപേക്ഷ ക്ഷണിക്കുകയും വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിലെ പരിശോധനകൾക്ക് ശേഷം സമർപ്പിച്ച പ്രപ്പോസലിന്റെ അടിസ്ഥാനത്തിൽ 06.03.2025-ന് ഗ്രാന്റ്-ഇൻ-എയ്ഡ് കമ്മിറ്റി കൂടുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | സ്പെഷ്യൽ സ്കൂളിൽ റൈറ്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് രജിസ്ട്രേഷൻ ലഭിക്കണമെങ്കിൽ 18 വയസ്സിന് താഴെയുള്ള 20 കുട്ടികൾ വേണമെന്നുള്ള നിബന്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാരണത്താൽ കഴിഞ്ഞ വർഷം എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തനം അവസാനിപ്പിച്ചുവെന്ന് അറിയിക്കുമോ? | (ഇ) | **വിവരം ശേഖരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ